# നിയ 8:11- 20
# മത്താ 4:12- 17 (4:12- 5:16)

സെപ്തംബർ 11: ഏലിയാ സ്ലീവാ മൂശ നാലാം ഞായർ

## ഭാഷ്യം

## നിയ 8:11– 20

### I. സന്ദർഭം

വാഗ്ദത്ത ഭൂമിയിലേക്ക് കടക്കുന്നതിനു മുമ്പ് മോശ ഇസ്രായേൽ ജനത്തെ ദൈവത്തിന്റെ പ്രമാണങ്ങളെക്കുറിച്ച് ഒരിക്കൽകൂടി ഓർമ്മപ്പെടുത്തുകയുണ്ടായി. കാനാൻദേശം കയ്യടക്കിക്കഴിയുമ്പോൾ അവർക്കു നേരിടാവുന്ന ചില പ്രലോഭനങ്ങളെക്കുറിച്ച് മോശ അവർക്കു മുന്നറിയിപ്പു നൽകി. ഇങ്ങനെയുള്ള ചില മുന്നറിയിപ്പുകളാണ് ഇന്നത്തെ വായനയിലുള്ളത്.

### II. പ്രമേയം

1. സാമ്പത്തികമായ അഭിവൃദ്ധിയും ഭദ്രതയും കൈവന്നു കഴിയുമ്പോൾ ദൈവത്തെ മറന്നുകളയാനുള്ള പ്രവണത മനുഷ്യർക്കുണ്ട്.

2. ദൈവത്തോടു നന്ദിയും വിശ്വസ്തതയും, കാത്തുസൂക്ഷിക്കാൻ നമ്മെ സഹായിക്കുന്ന പ്രധാനപ്പെട്ട ഒരു കാര്യം, അവിടുന്ന് നമുക്കു നൽകിയിട്ടുള്ള അനുഗ്രഹങ്ങളെക്കുറിച്ച് ഓർമ്മയുണ്ടായിരിക്കുന്നതാണ്.

3. ദൈവത്തിന്റെ ചില പ്രവൃത്തികൾ നമുക്ക് ഉടനേ മനസ്സിലായില്ലെന്നു വരാം. എന്നാൽ അതെല്ലാം ആത്യന്തികമായി നമ്മുടെ നന്മയ്ക്കുവേണ്ടിയാണ്.

4. കർത്താവിനെ അനുസരിക്കാതിരുന്നാൽ അങ്ങനെയുള്ള ജീവിതം നാശത്തിലേക്കായിരിക്കും ഒരുവനെ നയിക്കുന്നത്.

### III. സന്ദേശം

1. ദൈവത്തെ മറന്നുപോകാൻ ഒരുവനെ പ്രേരിപ്പിക്കുന്ന നാലു കാര്യങ്ങളാണ് മോശ ചൂണ്ടിക്കാണിക്കുന്നത്. ഭക്ഷിച്ചു തൃപ്തരാവുക എന്നതാണ് ആദ്യത്തെ സംഗതി. ഭക്ഷിക്കാൻ കിട്ടുക എന്നതാണല്ലോ മനുഷ്യന്റെ ഏറ്റവും അടിസ്ഥാനമായ ആവശ്യം. നല്ല വീടുകൾ പണിത് അവയിൽ താമസിക്കുക എന്നതാണ് രണ്ടാമത്തെ കാര്യം. കിടക്കാൻ ഒരിടം എന്നത് എല്ലാ മനുഷ്യന്റെയും ആഗ്രഹമാണ്. ആടുമാടുകൾ പെരുകുകയും സ്വർണ്ണവും വെള്ളിയും വർദ്ധിക്കുകയും ചെയ്യുന്നതാണ് മൂന്നാമത്തെകാര്യം. ജോലി സ്ഥിരിതയും മെച്ചപ്പെട്ട വേതനവും മോശമല്ലാത്ത സമ്പാദ്യവും ആണ് ഇന്നത്തെ സാഹ

ചര്യത്തിൽ ഇതിനു തുല്യമായുള്ള അവസ്ഥ. സകല കാര്യങ്ങളിലും അഭിവൃദ്ധി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, ഏർപ്പെടുന്ന കാര്യങ്ങളെല്ലാം ലാഭകരമായിത്തീരുന്നു എന്നതാണ്. ചുരുക്കത്തിൽ ഒന്നിനെപ്പറ്റിയും ആകുലപ്പെടേണ്ട ആവശ്യമില്ലാത്ത അവസ്ഥ. ഇതുപോലുള്ള സാഹചര്യമുണ്ടാകുമ്പോൾ ഒരുവനിൽ അഹങ്കാരം ഉദിക്കാനും, ദൈവത്തെ മറന്നുപോകാനും ഇടയുണ്ടെന്ന് വചനം പഠിപ്പിക്കുന്നു.

2. പലരുടെയും ദൈവത്തോടുള്ള ബന്ധമെന്ന് പറയുന്നത്, മറ്റു സാദ്ധ്യതകളും വഴികളും അടയുമ്പോൾ ചെന്നു മുട്ടാനുള്ള ഒരു അഭയകേന്ദ്രം എന്ന മട്ടിലാണ്. നിന്റെ യൗവ്വനത്തിൽ നിന്റെ സ്രഷ്ടാവിനെ ഓർക്കുക എന്ന് വചനം നമ്മെ ഓർമ്മപ്പെടുത്തുന്നു. ശക്തിയെല്ലാം നശിച്ച് ആരും നോക്കാനില്ലാത്ത അവസരം വരുമ്പോൾ മാത്രം തേടാനുള്ളവനല്ല ദൈവം. നമുക്കുള്ളതെല്ലാം ദൈവം തന്നതാണ്. സ്വീകരിക്കാത്തതായി നിനക്ക് എന്താണുള്ളതെന്ന് വി. പൗലോസ് ശ്ലീഹാ ചോദിക്കുന്നുണ്ട് (1 കോറി 4:7). ജീവിതസാഹചര്യങ്ങൾ അനുകൂലമായതുകൊണ്ടാണ് ഏറിയപങ്കും നമ്മൾ വിജയികളായിത്തീരുന്നത്. പ്രതികൂലമായ സാഹചര്യങ്ങളിലും പിടിച്ചുകയറാൻ ഒരുവനെ പ്രാപ്തനാക്കുന്നതും ദൈവം തന്നെയാണ്. അതുകൊണ്ടാണ് ദൈവത്തിന്റെ മുമ്പിൽ വിനയപൂർവ്വം വ്യാപരിക്കണമെന്ന് മീക്കാ പ്രവാചകൻ പഠിപ്പിക്കുന്നത് (മീക്കാ 6:6-8). ദൈവം അഹങ്കാരികളെ ചെറുത്തു തോൽപ്പിക്കുന്നു. എളിമയുള്ളവരെ ഉയർത്തുകയും ചെയ്യുന്നു (യാക്കോ 4:6).

**ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ**

# മത്താ 4:12-17 (4:12-5:16)

## I. സന്ദർഭം

മറിയത്തിന്റെ മകനായ യേശു ക്രിസ്തുവും ദൈവപുത്രനുമാണെന്നാണ് മത്തായിയുടെ സുവിശേഷത്തിന്റെ ആരംഭത്തിൽ പറയുന്നത് (1:1-4:11). തുടർന്ന്, ദൈവപുത്രനായ യേശു സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാനും ദൈവപുത്രരാകാനുമുള്ള വഴി പഠിപ്പിക്കുന്നു (4:12-11:1). ഈ ഭാഗത്തിന്റെ ആരംഭമാണ് ഇന്നത്തെ വചനഭാഗം.

## II. പ്രമേയം

നസ്രത്തിൽ താമസമാക്കുന്ന യേശു പ്രഘോഷണം ആരംഭിക്കുന്നതും (4:12-17) ആദ്യ ശിഷ്യരെ വിളിക്കുന്നതും (4:18-22), രോഗികളെ സുഖപ്പെടുത്തുന്നതും (4:23-25), മലയിലെ പ്രസംഗം ആരംഭിക്കുന്നതുമാണ് (5:1-16) ഇന്നത്തെ വചനഭാഗം.

## III. സന്ദേശം

1. കഫർണാമിലേക്ക് വരുന്ന യേശുവിനെക്കുറിച്ച് സുവിശേഷകൻ പറ

യുന്നത്, അന്ധകാരത്തിലിരുന്ന ജനം വലിയ പ്രകാശം കണ്ടെന്നാണ് (4:16). നിഴലും അന്ധകാരവും ഇവിടെ എപ്പോഴും ആവശ്യത്തിനുണ്ട്. എല്ലാവരുടെയും ജീവിതത്തിൽ ഇരുട്ടും രാത്രിയുമുണ്ട്. അതാണ് സാധാരണ മനുഷ്യാനുഭവം. എന്നാൽ, നിനക്ക് പ്രകാശമാകാൻ സാധിക്കുന്നുണ്ടോ എന്നതാണ് ചോദ്യം. നിന്റെ ചുറ്റുമുള്ളവരുടെ ജീവിതങ്ങളിലേക്ക് പ്രകാശം പരത്താൻ നിനക്കാകുന്നുണ്ടോ? തിരിച്ചിങ്ങോട്ട് ഇരുട്ടും രാത്രിയും അവർ കൈമാറുമ്പോഴും അത് നിന്റെ പ്രകാശത്തെ കെടുത്തി കളയാൻ അനുവദിക്കാതെ അതിനെ കത്തിച്ചു നിർത്താൻ നിനക്കാകുന്നിടത്താണ് നീ യാഥാർത്ഥ ക്രിസ്തു ശിഷ്യനായി/ ശിഷ്യയായി മാറുന്നത്. അതിനാൽ നിന്റെ പ്രകാശത്തിന്റെ നെയ്ത്തിരികളെ എപ്പോഴും കത്തിച്ചു നിർത്താം. കാറ്റും അന്ധകാരവും അതിനെ കീഴ്പ്പെടുത്താനും കെടുത്തിക്കളായനും അനുവദിക്കാതിരിക്കാം.

2. ഈശോ പ്രഘോഷിക്കുന്നത്, മാനസ്സാന്തരപ്പെടാനാണ്. കാരണം, സ്വർഗ രാജ്യം സമീപിച്ചിരിക്കുന്നു (4:17). സ്വർഗ്ഗരാജ്യത്തിന്റെ സാമിപ്യം അനുഭവിക്കുന്നവന്റെ രീതി, മാനസാന്തരത്തിന്റേതായിരിക്കും. അതായത് മനസ്സും ചിന്തയും മാറ്റിക്കൊണ്ടിരിക്കുന്ന രീതി. കാഴ്ചപ്പാട് മാറുന്ന രീതി. നിന്റെ ചിന്തയും കാഴ്ചപ്പാടുകളും നവീകരിക്കപ്പെടാനുള്ള സന്നദ്ധത നിനക്ക് എപ്പോഴും ഉണ്ടാകണം. അത്തരമൊരു സന്നദ്ധതയിലാണ് നീ ദൈവരാജ്യത്തിന്റെ പുത്രനും പുത്രിയുമാകുന്നത്. ഇത് മാറാനുള്ള സന്നദ്ധതയാണ്. അത്തരമൊരു സന്നദ്ധതയിൽ മാത്രമേ മാറ്റവും, വളർച്ചയും, നന്മയും ഉണ്ടാകുള്ളൂ. അല്ലാത്ത പക്ഷം നിന്റെ ജീവിതം കൂമ്പടഞ്ഞു പോകുകയേയുള്ളൂ.

3. മലയിലേക്കു കയറുന്ന യേശു, ശിഷ്യന്മാർ അടുത്തെത്തിയപ്പോഴാണ് പഠിപ്പിക്കാൻ തുടങ്ങുന്നത് (5:1-2). ക്രിസ്തുവിനോട് അടുത്തായിരിക്കുക എന്നതാണ് ശിഷ്യന്റെ ഒന്നാമത്തെ ധർമ്മമെന്ന് നീ ഒരിക്കലും മറക്കരുത്. ആത്മാവിൽ ദരിദ്രർക്ക് യേശു വാഗ്ദാനം ചെയ്യുന്നത് സ്വർഗരാജ്യമാണ് (5:3). അപ്പോൾ സ്വർഗരാജ്യം സ്വന്തമാക്കാനുള്ള വ്യവസ്ഥയും മാർഗ്ഗവുമാണെന്നു വരുന്നു ഈ ദാരിദ്ര്യം. ദരിദ്രന്റെ അടിസ്ഥാന ഭാവം അവന്റെ ഇല്ലായ്മ അവന് അറിയാമെന്നതാണ്. സ്വന്തം ഇല്ലായ്മ അറിയുന്നവൻ എപ്പോഴും ആശ്രയിക്കാൻ തയ്യാറായി നിൽക്കും. എപ്പോഴും തമ്പുരാനെ ആശ്രയിച്ചു ജീവിക്കുന്നവനാണ് ആത്മാവിൽ ദരിദ്രൻ. തമ്പുരാന്റെ കൈയേൽ പിടിച്ചു അനുദിനം നടക്കുന്നവനാണ് ഹൃദയത്തിൽ ദാരിദ്ര്യമുള്ളവൻ. അങ്ങനെ ജീവിക്കുന്നവനാണ് സ്വർഗ്ഗരാജ്യത്തിന്റെ അവകാശി. അതിനാൽ നിന്റെ അനുദിന ജീവിതത്തിൽ തമ്പുരാനിൽ ആശ്രയിക്കാൻ മറക്കാതിരിക്കുക; അവന്റെ കൈയേൽ നിന്ന് പിടിവിടാതിരിക്കുക.

**ഡോ. ജേക്കബ് നാലുപറയിൽ**

# പ്രസംഗം

## അനുദിനം സംഭവിക്കേണ്ട മാനസാന്തരം

പ്രമുഖ റഷ്യൻ നോവലിസ്റ്റ് ഫിയോദർ ദസ്തയേവ്സ്കി രചിച്ച കൃതിയാണ് 'കുറ്റവും ശിക്ഷയും' (Crime and Punishment). ലോക നോവൽ ചരിത്രത്തിലെ ഏറ്റവും മികച്ച രചനകളിലൊന്നായാണിത് കണക്കാക്കപ്പെടുന്നത്. റഷ്യയിലെ അതിദരിദ്രമായ കാലഘട്ടത്തിൽ ജീവിതം തള്ളിനീക്കുന്ന റാസ്കോൽ നിക്കോവ് എന്ന കഥാപാത്രത്തിലൂടെയാണ് കഥ പുരോഗമിക്കുന്നത്. തന്റെ ക്രൂരയായ വീട്ടുടമസ്ഥയെ കൊന്നതിനുശേഷം റാസ്കോൽ നിക്കോവ് സംഭവിച്ച കാര്യങ്ങളെല്ലാം ഒരു കുമ്പസാരത്തിലെന്നപോലെ തന്റെ സുഹൃത്തായ സോണിയായോട് വിശദീകരിച്ചു. പാപവഴിയിലൂടെ കടന്നുപോയ ഭൂതകാലമുള്ള സോണിയ അവനെ കുറ്റപ്പെടുത്തുന്നില്ല. അവൾ അവനുവേണ്ടി സുവിശേഷം എടുത്ത് വായിച്ചു.

വായിച്ച ഭാഗം ലാസറിനെ ഉയിർപ്പിക്കുന്ന ഭാഗമാണ്. വായിച്ചു തീരുമ്പോൾ രണ്ടുപേരുടെയും കണ്ണുകൾ നിറഞ്ഞൊഴുകി, വാവിട്ടു കരയാൻ തുടങ്ങി. മരിച്ച ലാസറിനെ ഉയിർപ്പിച്ച ദൈവം, പാപം ചെയ്ത ആത്മാവിൽ മരിച്ച റാസ്കോൽ നിക്കോവിനെ അതിൽ നിന്നും ദൈവം പുറത്തുകൊണ്ടുവരുമെന്ന് അവൾ വിശ്വസിച്ചു. ചെയ്ത തെറ്റിനെ ഓർത്ത് പശ്ചാത്തപിച്ച്, മാനസാന്തരത്തിന്റെ ജീവിതം നയിക്കുന്നുണ്ട് റാസ്കോൽ നിക്കോവ്.

ജീവിതത്തിന്റെ ഏതൊരു ഘട്ടത്തിലും മാനസാന്തരം സാധ്യമാണെന്നു പറയുന്ന വിശുദ്ധ പുസ്തകവുമാണല്ലോ സുവിശേഷം. സുവിശേഷത്തിന്റെ ആരംഭത്തിൽതന്നെ മാനസാന്തരത്തിനുള്ള സ്നാപകയോഹന്നാന്റെ ആഹ്വാനം നാം വായിക്കുന്നുണ്ട്. സുവിശേഷത്തിന്റെ അവസാനഭാഗത്തോ നല്ല കള്ളന്റെ മാനസാന്തരവും. അനേകം പാപങ്ങളിലൂടെ കടന്നുപോയ ആ കള്ളൻ അവസാനനിമിഷം മാനസാന്തരപ്പെട്ട്, അതിന്റെ ഫലവും അനുഭവിച്ചാണ് കടന്നുപോയത്. യഥാർത്ഥ മാനസാന്തരത്തിലേക്ക് കടന്നുവന്ന സക്കേവൂസും, മാനസാന്തരപ്പെട്ട് പാപത്തിന്റെ കൂടം കിണറ്റിൻകരയിൽ വച്ച് മടങ്ങിപ്പോയ സമരിയാക്കാരി സ്ത്രീയും, നിരവധിയായ പാപങ്ങൾക്കു മോചനം ലഭിച്ച് സന്തോഷത്തോടെ മടങ്ങിപ്പോയ പാപിനിയായ സ്ത്രീയും നമ്മെ പഠിപ്പിക്കുന്നത് ഒന്നുതന്നെ- ജീവിതത്തിൽ വന്നുപോയ തെറ്റിനെ ഓർത്ത് മനസ്തപിക്കാൻ തയ്യാറാകുക. തിരിച്ചുവരവിൽ സന്തോഷിക്കുന്ന ഏതവസരത്തിലും പാപം ക്ഷമിക്കാൻ തയ്യാറായി കാത്തുനിൽക്കുന്ന ഒരു ദൈവമാണ് നമ്മുടേത്- ധൂർത്തപുത്രന്റെ ഉപമയിൽ സ്നേഹനിധിയായ പിതാവിനെപ്പോലെ.

രണ്ടു പ്രധാന ചിന്തകളാണ് നമുക്ക് ഈ സുവിശേഷഭാഗത്തുനിന്ന് സ്വീകരിക്കാനുള്ളത്. ഒന്നാമതായി, മാനസാന്തരം ജീവിതത്തിൽ നിരന്തരമായി നട

ക്കേണ്ട ഒരു പ്രക്രിയയയാണ്. അത് ഒരിക്കൽ മാത്രം സംഭവിക്കുന്ന, സംഭവിക്കേണ്ട കാര്യമല്ല. ഓരോ ദിവസവും ജീവിതത്തിൽ സംഭവിക്കേണ്ട മാനസാന്തരമുണ്ട്. ഭാര്യാഭർത്താക്കന്മാർക്കിടയിലും കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധത്തിലും സുഹൃത്ബന്ധങ്ങളിലും ഉലച്ചിലുകൾ ഉണ്ടാകുമ്പോൾ ഓരോ ദിവസവും അത് പരിഹരിച്ച് രമ്യതയിലും കൂടുതൽ സ്നേഹത്തിലും മുന്നോട്ടുപോകാൻ സാധിക്കുമ്പോഴാണ് മാനസാന്തരം ജീവിതബന്ധിയാകുന്ന്.

രണ്ടാമതായി, മാനസാന്തരം കൊണ്ട് ഉദ്ദേശിക്കുന്നത് വലിയ തിരിച്ചുവരവുകൾ മാത്രമല്ല, ചെറിയ കാര്യങ്ങളിലുള്ള തിരിച്ചുവരവുകൾ കൂടിയാണ്. അഗസ്തിനൊസിനെപ്പോലെയുള്ള വിശുദ്ധർ വലിയ തിരിച്ചുവരവുകൾ നടത്തിയവരാണ്. സാധാരണക്കാരായ നമ്മെ സംബന്ധിച്ചിടത്തോളം നമ്മുടെ സാധാരണ ജീവിതത്തിലെ ചെറിയ തെറ്റുകളിൽ നിന്നും പാളിച്ചകളിൽ നിന്നും മടങ്ങിവരാൻ സാധിക്കുമ്പോഴാണ് മാനസാന്തരത്തിന്റെ ഫലങ്ങൾ അനുഭവിക്കാൻ സാധിക്കുന്നത്.

ആദ്യം പറഞ്ഞ നോവലിലെ കഥാപാത്രമായ റാസ്കോൽ നിക്കോവും സുവിശേഷത്തിലെ അനേകം കഥാപാത്രങ്ങളും സഭയിലെ ധാരാളം വിശുദ്ധരും വിരൽ ചൂണ്ടുന്നത് ജീവിതത്തിൽ സംഭവിക്കേണ്ട മാനസാന്തരത്തെക്കുറിച്ചാണ്, അനുദിനം സംഭവിക്കേണ്ട മാനസാന്തരത്തെക്കുറിച്ചാണ്. മടങ്ങിപ്പോകാൻ തയ്യാറായാൽ മാറോടു ചേർത്തുപിടിക്കാൻ തയ്യാറായി. കൈകൾ വിരിച്ചുനിൽക്കുന്ന ഒരു പിതാവിന്റെ ഭാഗ്യപ്പെട്ട മക്കളാണ് നാം.

**ഫാ. ജോസഫ് കണിയോടിയ്ക്കൽ**